# ഭ്രാന്തുള്ള സമൂഹത്തിൽ ഭ്രാന്തില്ലാത്തവൻ ഭ്രാന്തൻ



**ഡോ. കെ.എസ്.ഡേവിസ്**

മലയാളി ഇന്ന് അസ്വസ്ഥതയിലാണ്. ഒരു സ്വത്വപ്രതിസന്ധി ഈ സമൂഹത്തെ ചൂഴ്ന്നുനിൽക്കുന്നു. ഇതു തന്നെയാണ് അവന്റെ മാനസികപ്രതിസന്ധിക്കും നിദാനം.

നിലവിലുള്ള സമൂഹനിയമങ്ങളും നിലനിൽക്കുന്ന സമൂഹരീതികളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നതാണ് കേരളത്തിന്റെ ഇന്നത്തെ അവസ്ഥ. ആഗോളവൽക്കരണത്തിന്റേതായ ഈ മത്സരാധിഷ്ഠിത സമൂഹത്തിൽ നിയന്ത്രണങ്ങൾ കുറഞ്ഞുവരികയാണ്. കുടുംബബന്ധങ്ങൾ ശിഥിലമായിത്തുടങ്ങി. സുരക്ഷിതത്വബോധം ആർക്കുമില്ല. തിന്മകളെ നന്മകളാക്കുന്ന പ്രവണത ഏറിവരുന്നു. ഒരുതരം മരവിപ്പ് സമൂഹത്തെയാകെ ബാധിച്ചിരിക്കുന്നു.ഉദാത്തമെന്ന് നമ്മൾ കൊട്ടിഘോഷിച്ചിരുന്ന നമ്മുടെ മൂല്യങ്ങളെല്ലാം തകർന്നടിയുകയാണ്. ലൈംഗികത, ലഹരി ഉപഭോഗം, ഗുണ്ടായിസം... എല്ലാമിന്ന് സ്വാഭാവികതകളാണ്. പണമാണ് അടിസ്ഥാനഘടകം എന്നുവരുമ്പോൾ ഇങ്ങനെയാകാതെയും തരമില്ല. ഒരർത്ഥത്തിൽ ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയുമാണ്. 'നീയിപ്പോഴും കന്യകയാണോ?' എന്നു ചോദിക്കുന്നവരായി നമ്മുടെ തലമുറ മാറിക്കഴിഞ്ഞു. ലൈംഗികത ധനസമ്പാദനത്തിനുള്ള മാർഗമായി അംഗീകരിക്കുകയാണ് പുതുതലമുറ. അത് പിന്നെ ലഹരിയിലേക്കും ലഹരി കുറ്റകൃത്യങ്ങളിലേക്കും വഴിമാറുന്നു.



അപ്പോഴും യാഥാസ്ഥിതികമൂല്യങ്ങളും കാഴ്ചപ്പാടുകളും സമൂഹം കൈവിടുന്നുമില്ല. ഇന്നും സ്ത്രീ ഗർഭം ധരിക്കാനിടയുള്ള പ്രധാന സ്ഥലം കേരളത്തിൽ ബസുകളാണ്! അല്ലെങ്കിലെന്തിനാണ് ബസിൽ മാത്രം വേർതിരിവുകൾ? ട്രെയിനിൽ, സിനിമാ തിയ്യറ്ററിൽ, മറ്റു പൊതുസ്ഥലങ്ങളിൽ ഇവിടെയൊന്നും ഇതില്ലല്ലോ.

ഈ വൈരുദ്ധ്യങ്ങൾ എല്ലാ വിഭാഗങ്ങളെയും അസ്വസ്ഥമാക്കുകയാണ്. മൂല്യങ്ങൾ കൈവിടുന്നത് സഹിക്കാനാകാതെ ഒരു വിഭാഗവും ആഗ്രഹിക്കുന്നത് നേടാനാകാതെ, അഥവാ നേടുന്നതിൽ മതിവരാതെ മറുവിഭാഗവും. എല്ലാവരും അതൃപ്തർ. ആദ്യവിഭാഗം ആത്മഹത്യ പരിഹാരമായി സ്വീകരിക്കുമ്പോൾ രണ്ടാമത്തെ കൂട്ടർ അക്രമം മാർഗമാക്കുന്നു.ധ്യാനകേന്ദ്രങ്ങളും ആൾദൈവങ്ങളും പരിഹാരമായി ഇന്ന് അനുഭവപ്പെട്ടേക്കാമെങ്കിലും നാളെ അതും മതിയാകാതെ വരും. മാനസികാരോഗ്യവിദഗ്ധർക്ക് തിരക്കുള്ള കാലമാണ് ഇനി വരാനിരിക്കുന്നത്.

മുറിയിൽ കളിക്കുന്ന കുഞ്ഞിന്റെ ഉടുപ്പിൽ അഴുക്കു പറ്റുമ്പോൾ കൂടെക്കൂടെ വസ്ത്രം മാറ്റുന്ന പ്രവണതയാണ് നമുക്കിന്നുള്ളത്. അഴുക്ക് മുറിയിലാണെന്നും വസ്ത്രത്തിലല്ലെന്നും നമ്മൾ മറക്കുന്നു. സമൂഹമനസ്സിനെ ചികിത്സിക്കുന്നതിലും ഇതു തന്നെയാണ് നമ്മൾ തുടരുന്നത്. ഭ്രാന്തുള്ള സമൂഹത്തിൽ ഭ്രാന്തില്ലാത്തവൻ ഭ്രാന്തനായിരിക്കുമ്പോൾ ആരെയാണ് ചികിത്സിക്കേണ്ടതെന്നത് ഒരു വെല്ലുവിളിയായി തുടരുന്നു.

*ഡയറക്ടർ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിഹേവിയറൽ സ്റ്റഡീസ്, കടവന്ത്ര, എറണാകുളം*

---

**മാനസികാരോഗ്യം**

# മദ്യം തകർക്കുന്ന മലയാളി മനസ്സ്



**ഡോ. സി. ജെ. ജോൺ**

ഇന്നത്തെ മലയാളിയുടെ ഒരു ഒഴിവു ദിനം. 'ഒന്ന് പിടിപ്പിച്ചോാലോ?' ഞായറാഴ്ചയാകട്ടെ, ഓണമാകട്ടെ, എന്തിന് ഹർത്താലാകട്ടെ; മലയാളിയുടെ കുശലാന്വേഷണം ഇന്ന് ഇതായിക്കഴിഞ്ഞു. അവധിയുടെ പൊലിമയുടെ മാനദണ്ഡം മദ്യത്തിന്റെ ചെലവാണ് എന്നതാണ് അവസ്ഥ. മട്ടുപ്പാവ് പാർട്ടികളും ആഘോഷവിരുന്നുകളും മദ്യത്തിന്റെ അകമ്പടിയുള്ളതായി കഴിഞ്ഞു. പരമ്പരകളിലും സിനിമകളിലുമാകട്ടെ അനാവശ്യ സന്ദർഭങ്ങളിൽ പോലും മദ്യപാന ദൃശ്യങ്ങൾ കുത്തിനിറച്ച് മദ്യത്തെ ജനകീയമാക്കുന്നു. മദ്യത്തിന്റെ മാന്യവൽക്കരണമാണ് ഇന്ന് സംഭവിക്കുന്നത്.

പക്ഷേ, കേരളത്തിന്റെ മാനസികാരോഗ്യശൈഥില്യത്തിന് മദ്യം ഗണ്യമായ സംഭാവന നൽകുന്നു എന്നതാണ് ദുരന്തം.

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ പ്രതിശീർഷ ഉപഭോഗത്തിൽ കേരളം ഒന്നാം സ്ഥാനത്താണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യം ഉപയോഗിച്ചു തുടങ്ങുന്ന പ്രായം കേരളത്തിൽ 19ൽ നിന്ന് 14 ആയി മാറിയിരിക്കുന്നു എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. മദ്യം കഴിക്കാത്തവൻ അവിശ്വസിക്കപ്പെടുന്ന ഒരു സമൂഹമായി നമ്മൾ മാറിക്കഴിഞ്ഞു. അമിതമദ്യപാനികളുടെ എണ്ണത്തിൽ ഭീ